# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2526      14.02.2013 ൽ മറുപടിക്ക്

### ആരോഗ്യ സർവ്വേ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>,, അൻവർ സാദത്ത്<br>,, വി. റ്റി. ബൽറാം<br>,, ആർ. സെൽവരാജ് | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ സർവ്വേ നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കേരള ഹെൽത്ത് ഒബ്സർവേറ്ററി ആന്റ് ബേസിക് സർവൈലൻസ് എന്ന പേരിൽ ഒരു ആരോഗ്യ സർവ്വേ നടത്തുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. കേരളത്തിലെ നിലവിലുള്ള സാംക്രമികരോഗങ്ങൾ, ജീവിതശൈലീ രോഗങ്ങൾ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾ, ആഹാരരീതി, വ്യായാമം, മരണകാരണങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ഇതുവഴി ശേഖരിക്കുന്നത്. കേരളത്തിലെ എല്ലാ വാർഡുകളെയും ഉൾപ്പെടുത്തി പത്ത് ലക്ഷം പേരെയാണ് സ്ക്രീനിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | കേരളത്തിൽ ഇപ്പോൾ ഒരു സമ്പൂർണ്ണ ആരോഗ്യ ഡാറ്റാബാങ്കിന്റെ അഭാവം ആരോഗ്യരംഗത്തെ വിവിധ പ്രശ്നങ്ങൾക്കുള്ള വിദഗ്ധ ഇടപെടലുകൾക്ക് തടസ്സമായി നിൽക്കുന്നു. ഇപ്പോൾ നിലവിലുള്ള സാംക്രമികരോഗങ്ങൾ, ജീവിതശൈലീ രോഗങ്ങൾ, മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾ, ജനങ്ങളുടെ ആഹാരരീതി, വ്യായാമം ഇവയ്ക്ക് രോഗങ്ങളുമായുള്ള ബന്ധം, മരണകാരണങ്ങൾ എന്നിവയാണ് ഈ സർവ്വേയിലൂടെ കണ്ടെത്തുന്നത്. കേരളത്തില പത്ത് ലക്ഷം ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ ഈ സർവ്വേയിലൂടെ കഴിയുന്നതാണ്. ഈ സർവ്വേയിലൂടെ പകർച്ച വ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ഏകദേശ കണക്ക് ശേഖരിക്കുകയും അത് വഴി ഈ മേഖലകളിൽ സർക്കാരിന് ഇടപെടാനുള്ള അവസരങ്ങൾ വർദ്ധിക്കുകയും ചെയ്യും. |

(സി) ആരോഗ്യ മേഖലയിൽ നടപ്പാക്കേണ്ട കർമ്മ പദ്ധതി തയ്യാറാക്കുന്നതിൽ സർവ്വേ എത്രമാത്രം സഹായകരമാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന സാംക്രമികരോഗങ്ങളുടെയും, ജീവിതശൈലീ രോഗങ്ങളുടെയും മറ്റു പ്രധാനപ്പെട്ട ആരോഗ്യസൂചികകളായ പ്രമേഹം, രക്തസമ്മർദ്ദം, പൊണ്ണത്തടി, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളെയും ആഹാരരീതി വ്യായാമത്തിന്റെ തോത് എന്നിവയെയും കുറിച്ചുള്ള ആധികാരികമായ ഒരു രേഖയും ഇപ്പോൾ നിലവിലില്ല. അതുകൊണ്ടുതന്നെ ഈ മേഖലകളിൽ പുതിയ പദ്ധതികൾ കൊണ്ടുവരാനും ഫലപ്രദമായ ഇടപാടുകൾ നടത്തുവാനും സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. കേരളത്തിൽ ആകമാനം നടത്തുന്ന ഈ സർവ്വേയിൽ ജില്ലതിരിച്ചും ഏരിയ തിരിച്ചും വാർഡ് തലത്തിലുമുള്ള രോഗങ്ങളെക്കുറിച്ചും ആ രോഗങ്ങളിലേക്ക് നയിക്കുന്ന ജനങ്ങളുടെ ജീവിതരീതിയെക്കുറിച്ചും മറ്റു പാരമ്പര്യ പ്രശ്നങ്ങളെക്കുറിച്ചും ഏകദേശരൂപം ലഭിക്കുന്നതു വഴി ഓരോ പ്രദേശത്തിനും അനുയോജ്യമായ ആരോഗ്യപദ്ധതി രൂപീകരിക്കുവാൻ സാധിക്കുന്നതാണ്.

(ഡി) ഇതുമായി എതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്;

(ഡി) ആരോഗ്യ വകുപ്പ്, എൻ.ആർ.എച്ച്.എം, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, അച്ചുതമേനോൻ സെന്റർ, മെക് മാസ്റ്റർ യൂണിവേഴ്സിറ്റി കാനഡ എന്നിവയാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

(ഇ) ഈ പദ്ധതിയുടെ ഒരു ആലോചന യോഗം തിരുവനന്തപുരത്ത് ജനുവരി 7, 8 തീയതികളിൽ നടന്നിരുന്നു. മറ്റു നടപടികൾ ഒന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ